# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**23/02/2020** **മാർക്ക് - 50**
**10.30 a.m. - 12.30 p.m.** **STD - VI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. ആരാധനക്രമവത്സരത്തിലെ അവസാനത്തെ കാലം.

   1. മംഗളവാർത്തക്കാലം 2. ശ്ലീഹാക്കാലം 3. പള്ളിക്കൂദാശക്കാലം

2. ശ്ലീഹാക്കാലത്തെ ഒന്നാം വെള്ളി അറിയപ്പെടുന്നത്.

   1. ആദ്യവെള്ളി 2. സ്വർണ്ണവെള്ളി 3. ദുഃഖവെള്ളി

3. "നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ".

   1. അപ്പ. 2:36 2. അപ്പ. 2:14 3. അപ്പ. 2:38

4. ഉത്ഥാനം ചെയ്ത രാത്രിയിൽ ഈശോ ശിഷ്യന്മാരുടെ മദ്ധ്യേ നിന്ന് അവരോട് പറഞ്ഞത്.

   1. പോകുവിൻ പ്രഘോഷിക്കുവിൻ 2. നിങ്ങൾക്ക് സമാധാനം
   3. സ്നാനം നൽകുവിൻ

5. പത്മശ്രീ ബഹുമതി ലഭിച്ച കേരളത്തിലെ ആദ്യത്തെ മെത്രാൻ

   1. മാർ ആന്റണി പടിയറ 2. മാർ വർക്കി വിതയത്തിൽ 3. മാർ അഗസ്റ്റിൻ കണ്ടത്തിൽ

**B. പൂരിപ്പിക്കുക** **1X5=5**

6. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് --------.
7. ഈശോയുടെ ഉത്ഥാനത്തെ അനുസ്മരിക്കുന്ന തിരുനാളാണ് --------.
8. ശത്രുക്കളെ സ്നേഹിക്കുവാനും ---------- വേണ്ടി പ്രാർത്ഥിക്കുവാനും ഈശോ ഉദ്ബോധിപ്പിച്ചു.
9. സർവലോകത്തിനും വേണ്ടിയുള്ള -------- ലോകത്തിന്റെ അതിർത്തികൾ വരെ എത്തിക്കുവാനുള്ള ദൗത്യമാണ് ഈശോ ശിഷ്യർക്കു നൽകിയത്.
10. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് -------- വിശ്വസിക്കുവിൻ".

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. പുതിയനിയമത്തിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടിനെക്കുറിച്ച് എഴുതുക.
12. തോമ്മാശ്ലീഹ കേരളത്തിൽ സ്ഥാപിച്ച ഏഴ് പള്ളികൾ ഏതെല്ലാം?
13. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിൽ 4-ാമത്തെ രഹസ്യം എഴുതുക.
14. വിശുദ്ധ കുർബാന ബലിയായിരിക്കുന്നതോടൊപ്പം വിരുന്നുമാണെന്ന് പറയുന്നത് എന്തുകൊണ്ട്?
15. എന്താണ് പുതുഞായർ? വിവരിക്കുക.
16. വി. ഇഗ്നേഷ്യസ് ലെയോള തന്റെ ജീവിതത്തിൽ മാറ്റം വരുത്തിയ കാര്യങ്ങൾ ഏവ? വിശുദ്ധന്റെ പുണ്യവചനവും സന്ദേശവും എഴുതുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക** **4x2=8**

17. പ്രവാചകനായ യോനായുടെ അടയാളം ഈശോയിൽ യാഥാർത്ഥ്യമായതെങ്ങനെ?
18. ഈശോ ക്ഷമിക്കാൻ പഠിപ്പിക്കുക മാത്രമല്ല ചെയ്തത്, മാതൃക കാണിച്ചുതരികയും ചെയ്തു. വ്യക്തമാക്കുക.
19. ഈശോ ഉത്ഥാനത്തിനുശേഷം പതിനൊന്ന് ശിഷ്യന്മാരെയും കൂട്ടികൊണ്ട് ഗലീലിയിലേക്കുപോയി. അവിടെ വെച്ച് ഈശോ ശിഷ്യന്മാരോട് പറഞ്ഞതെന്തെന്നും (മത്തായി 28: 16-20) ശ്ലീഹന്മാർ ഏറ്റെടുത്ത പ്രേഷിതദൗത്യം എന്തെന്നും വ്യക്തമാക്കുക.

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. എങ്ങനെയാണ് ക്രൈസ്തവർ ഞായറാഴ്ച ആചരിക്കുന്നത്? ഞായറാഴ്ച ആചരണം കൂടുതൽ സജീവമാക്കാനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ വിവരിക്കുക.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം*, p.34-35 | **15** |

# രണ്ടാം സെമസ്റ്റർ പരീക്ഷ
# ഉത്തരങ്ങൾ
# STD - VI

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. പള്ളിക്കൂദാശക്കാലം 15/93 para 2
2. സ്വർണ്ണവെള്ളി L. 13 page 81 para 2
3. അപ്പ 2:38 L. 14 page 86 para 2
4. നിങ്ങൾക്കു സമാധാനം L. 12 page 74 para 2
5. മാർ ആന്റണി പടിയറ സത്യദീപം 2020 ജനുവരി 1

**B. പൂരിപ്പിക്കുക** **1X5=5**

6. ബലിയർപ്പണം L. 11 page 71 2nd para
7. ഉയിർപ്പുതിരുനാൾ L. 10 page 66 last para 3
8. പീഡിപ്പിക്കുന്നവർക്കു L. 9 page 58 para 1
9. രക്ഷയുടെ സുവിശേഷം L. 13 page 80 last para
10. സുവിശേഷത്തിൽ വി. മർക്കോസ് 1:15

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. L. 15 page 93 1st para
12. L. 14 page 87 1st para
13. നമസ്കാരങ്ങൾ page 20
14. L. 11 page 71 3rd para
15. L. 10 page 66
16. ഉപപാഠം വി. ഇഗ്നേഷ്യസ് page 30– 31

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക**

**4x2=8**

17. L. 10 page 65
18. L. 9 page 59
19. L. 13 page 80

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## രണ്ടാം സെമസ്റ്റർ പരീക്ഷ

24.02.2019 — മാർക്ക് - 50

10.30 am - 12.30 pm — **STD - VI** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** — 1x 5=5

1. ഏലിയാ-സ്ലീവാ-മൂശക്കാലത്തിലെ പ്രധാന തിരുന്നാൾ
   1. മരിച്ചവരുടെ തിരുന്നാൾ 2. സകല വിശുദ്ധരുടെ തിരുന്നാൾ
   3. കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ
2. "അവൻ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു."
   1. അപ്പ. 2:42 2. അപ്പ. 2:38 3. അപ്പ. 2:36
3. താഴെ പറയുന്ന സ്ഥലങ്ങളിൽ തോമാശ്ലീഹ പള്ളി സ്ഥാപിക്കാത്ത സ്ഥലമേത്?
   1. നിരണം 2. കോട്ടയം 3. നിലയ്ക്കൽ
4. ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം
   1. വിശ്വാസം 2. പ്രത്യാശ 3. സ്നേഹം
5. കേരളസഭയുടെ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ആസ്ഥാനം
   1. ഡിവൈൻ മുരിങ്ങൂർ 2. അട്ടപ്പാടി സെഹിയോൻ
   3. എമ്മാവൂസ് കളമശ്ശേരി

**B. പൂരിപ്പിക്കുക** — 1x 5=5

6. സർവലോകത്തിനും വേണ്ടിയുള്ള ———— ———— ലോകത്തിന്റെ അതിർത്തികൾവരെ എത്തിക്കുവാനുള്ള ദൗത്യമാണ് ഈശോ ശിഷ്യർക്ക് നൽകിയത്.
7. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് ————.
8. ഈശോയുടെ ഉത്ഥാനത്തെ അനുസ്മരിക്കുന്ന തിരുനാളാണ് ————.
9. "നിങ്ങൾ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ ———— ———— നിങ്ങളോടും ഇതുപോലെതന്നെ പ്രവർത്തിക്കും."
10. കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ ———— ചെയ്തിരിക്കുന്നു.

**C. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക** — 2x 6=12

11. പരിധിയില്ലാത്ത ക്ഷമയെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനമെന്ത്?
12. പുതുഞായർ എന്നതിൽ നിന്ന് നിങ്ങൾ മനസ്സിലാക്കുന്നതെന്ത്?

13. എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർ ഈശോയോട് ആവശ്യപ്പെട്ടതെന്ത്? അവൻ എന്തു ചെയ്തു?

14. ഉത്ഥാന അനുഭവത്തിലേയ്ക്ക് ഈശോ തോമസിനെ ക്ഷണിച്ചതെങ്ങനെ?

15. ജപമാലയിലെ പ്രകാശത്തിന്റെ 4-ാം രഹസ്യം എഴുതുക.

16. വിശുദ്ധ പത്താം പീയൂസിന്റെ ആദർശ മുദ്രാവാക്യവും സന്ദേശവും എഴുതുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഓരോ ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക**
**4x 2=8**

17. മിശിഹാനുഭവം എന്നതുകൊണ്ട് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു. വിശദമാക്കുക.

18. ശ്ലീഹക്കാലത്തിലെ  സവിശേഷതകൾ എന്തെല്ലാം?

19. മഹത്ത്വീകൃതനായ ഈശോയുടെ രണ്ടാമത്തെ ആഗമനത്തിന്റെ സൂചന എന്ത്?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5x 1=5**

20. അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ആയിക്കൂടാ. ഒരു വിശുദ്ധൻ/വിശുദ്ധയാകാൻ നിങ്ങൾ നിങ്ങളെ തന്നെ എങ്ങനെ ഒരുക്കും?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : കാണുക വചനദീപം 32-33 | 15 |

## **ഉത്തരസൂചിക – ക്ലാസ്സ് 6**

A . 1. കുരിശിന്റെ പുകഴ്ച്ചയുടെ തിരുന്നാൾ ( lesson 15, page 92, para last)

2. അപ്പ 2:42 ( lesson 14, page 89 )

3. കോട്ടയം ( lesson 14, page 87, para 1)

4. വിശ്വാസം (lesson 12, page 75, para last)

5. എമ്മാവൂസ് കളമശ്ശേരി (സത്യദീപം 2019 ജനുവരി 9)

B. 6. രക്ഷയുടെ സുവിശേഷം ( lesson 13, page 80, para last)

7. ബലിയർപ്പണം( lesson 11, page 71, para 2)

8. ഉയിർപ്പു തിരുന്നാൾ ( lesson 10, page 66, para 4)

9. സ്വർഗസ്ഥനായ പിതാവ് ( lesson 9, page 59, para 2)

10. അഭിഷേകം (ബൈബിൾ വി. ലൂക്ക 4:18)

C . 11. lesson 9, page 58, para 2

12. lesson 10, page 66, para 5

13. lesson 11, page 70, para 2

14. lesson12, page 75, para 2

15. നമസ്ക്കാരങ്ങൾ page 20

16. വിശുദ്ധരെ അറിയാൻ, page 38, page 40

D. 17. lesson 12, page 76, para 1,2

18. lesson 13, page 81, para 1,2

19. lesson 15, page 90 -91 ,

E. 20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## രണ്ടാം സെമസ്റ്റർ പരീക്ഷ

25.02.2018 മാർക്ക് - 50

10.30 am - 12.30 pm **STD - VI** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. ആദിമ സഭയിലെ ഏറ്റവും വലിയ പ്രേഷിതൻ?

   1. വി.സ്റ്റീഫൻ 2. വി. പൗലോസ് 3. വി. പത്രോസ്

2. നമ്മുടെ ആരാധന ക്രമവത്സരത്തിലെ അവസാനത്തെ കാലം

   1. മംഗളവാർത്തക്കാലം 2. പള്ളിക്കൂദാശക്കാലം 3. ശ്ലീഹാക്കാലം

3. ഈശോസഭയുടെ സ്ഥാപകൻ

   1. വി.അഗസ്റ്റിൻ 2. വി.ഇഗ്നേഷ്യസ് ലെയോള 3. വി.മാർട്ടിൻ ഡി പോറസ്

4. എന്തിന്റെ അടിസ്ഥാനത്തിലാണ് അന്ത്യവിധിയിൽ നമ്മൾ സമ്മാനത്തിനോ, ശിക്ഷയ്ക്കോ അർഹരാകുന്നത്

   1. വിനയത്തിന്റെ 2. ശത്രുസ്നേഹത്തിന്റെ 3. സഹോദര സ്നേഹത്തിന്റെ

5. 'അന്നീദ' ആർക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്?

   1. ഉയിരവർക്കുവേണ്ടിയുള്ള പ്രാർത്ഥന 2. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന 3. രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

**B. പൂരിപ്പിക്കുക** **1x 5=5**

6. പരിശുദ്ധാത്മാവിന്റെ സുവിശേഷമെന്ന് അറിയപ്പെടുന്ന പുസ്തകമാണ് ————.

7. ശൂന്യമായ കല്ലറ ഈശോയുടെ ———— ഒരു തെളിവാണ്.

8. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ട ദിവസം ————.

9. എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർക്ക് ഈശോ ആദ്യം പങ്ക് വച്ച് നൽകിയത് ————.

10. "ഏലീശ്വ പ്രവാചകന്റെ കാലത്ത് ഇസ്രായേലിൽ അനേകം കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. എന്നാൽ അവരിൽ ———— അല്ലാതെ മറ്റാരും സുഖപ്പെട്ടില്ല." (ലൂക്ക 4:27)

## C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x 6=12

11. മാർ തോമ ശ്ലീഹ സ്ഥാപിച്ച സഭാ സമൂഹങ്ങൾ ഏവ?
12. ഉയിർപ്പുകാലം കഴിഞ്ഞു വരുന്ന ഞായറിനെ പുതുഞായർ എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?
13. വി. കുർബാനയിലുള്ള യേശുവിന്റെ സാന്നിധ്യം എപ്രകാരമുള്ളതാണ്?
14. യേശു ശ്ലീഹന്മാർക്ക് നൽകിയ പ്രേഷിത ദൗത്യമെന്ത്?
15. വിശുദ്ധ പത്താം പീയൂസ് നൽകിയ ജീവിത സന്ദേശമെന്ത്?
16. മനസ്താപ പ്രകരണമെഴുതുക?

## D. മൂന്നു ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരോ ഖണ്ഡിക (പാരഗ്രാഫ്) വീതം ഉത്തരമെഴുതുക

4x 2=8

17. ശ്ലീഹന്മാരുടെ പന്തക്കുസ്താനുഭവം വിവരിക്കുക?
18. സുവിശേഷ സന്ദേശത്തിന്റെ ലക്ഷ്യമെന്ത്?
19. തോമാശ്ലീഹയുടെ വിശ്വാസ പ്രഖ്യാപനം വിവരിക്കുക?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5x 1=5

20. ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാനും, വിശുദ്ധ കുർബാന യോഗ്യതയോട് കൂടെ സ്വീകരിക്കാനും വേദപാഠ വിദ്യാർത്ഥികളെന്ന നിലയിൽ നിങ്ങൾ എന്തെല്ലാം ചെയ്യും?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27-28 | 15 |

# ആറാം ക്ലാസ്സ് - ഉത്തരങ്ങൾ
# രണ്ടാം സെമസ്റ്റർ പരീക്ഷ - ഫെബ്രുവരി 25

A. ഏറ്റവും ശരിയായ ഉത്തരം
   1. വി പൗലോസ് 13/81
   2. പള്ളിക്കൂദാശക്കാലം 15/93
   3. വി. ഇഗ്നേഷ്യസ് ലൊയോള; ഉപപാഠം Page 27
   4. സഹോദരസ്നേഹത്തിൻറെ 15/91
   5. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന; സത്യദീപം 2017 നവംബർ 30-ഡിസംബർ 6

B. പൂരിപ്പിക്കുക

6. അപ്പസ്തോലപ്രവർത്തനങ്ങൾ 13/82
7. ഉത്ഥാനത്തിനു 10/64
8. പന്തക്കുസ്ത 13/81
9. ദൈവവചനം 11/70
10. സിറിയാക്കാരനായ നാമാൻ Luke 4:27

C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക

11. നിരണം, കൊല്ലം, നിലയ്ക്കൽ, കോക്കമംഗലം, കൊട്ടക്കാവ്, കൊടുങ്ങല്ലൂർ, പാലയൂർ 14/87
12. ഉയിർപ്പുദിന ശുശ്രൂഷയിൽ പുതുതായി മാമ്മോദീസ സ്വീകരിക്കുന്നവർ വി. കുർബാനയിൽ പൂർണമായി പങ്കുപറ്റുന്ന പ്രഥമ ഞായറാഴ്ച്ചയാണ്, ക്രിസ്തീയ ജീവിതത്തിനു ആരംഭം കുറിക്കുന്ന ദിവസമായതുകൊണ്ടാണ് ഇതിനെ പുതുഞായർ എന്ന് വിളിക്കുന്നത് 10/66
13. വി.കുർബാനയിൽ ഈശോ തൻറെ ശരീര രക്തങ്ങളുടെ യാഥാർഥ്യത്തിലും സത്തയിലും മുഴുവനായും സമ്പൂർണമായും സന്നിഹിതനായിരിക്കുന്നു. ഈശോ ഗാഗുൽത്തയിൽ അർപ്പിച്ച ബലി നവമായ വിധത്തിൽ വി.കുർബാനയിൽ നമുക്കു സന്നിഹിതമാകുന്നു.11/71
14. സർവലോകത്തിനും വേണ്ടിയുള്ള രക്ഷയുടെ സുവിശേഷം ലോകത്തിൻറെ അതിർത്തികൾ വരെ എത്തിക്കുവാനുള്ള ദൗത്യമാണ് ഈശോ ശിഷ്യന്മാർക്കു നൽകിയത്. പഠിപ്പിക്കുക എന്നത് സഭയുടെ പ്രധാന ദൗത്യമാണ്. ലോകം മുഴുവൻ പാപമോചനത്തിനായുള്ള അനുതാപം പ്രസംഗിക്കപ്പെടണം. രക്ഷയുടെസദ്വാർത്ത അറിയിക്കാനുള്ള നിർദേശം - ഇതാണ് ശിഷ്യന്മാർ ഏറ്റെടുത്ത പ്രേഷിത ദൗത്യം 13/80
15. വേദോപദേശം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുകയാണ് സഭയ്ക്കുവേണ്ടി നമുക്ക് ചെയ്യാൻ കഴിയുന്ന വലിയ സേവനം ഉപപാഠം Page 40
16. നമസ്കാരങ്ങൾ No. 17

D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക - **പ്രധാന ആശയങ്ങൾ കൊടുക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക. അതെ വാക്കുകൾ വേണമെന്നില്ല**

17. ഉന്നതത്തിൽ നിന്നുള്ള ശക്തിക്കായി ശിഷ്യന്മാർ പരിശുദ്ധ അമ്മക്കൊപ്പം . പ്രാർത്ഥിച്ചിരിക്കുകയായിരുന്നു കൊടുങ്കാറ്റു അടിക്കുന്നതുപോലുള്ള ഒരു ശബ്ദം അവർ സമ്മേളിച്ചിരുന്ന വീട് മുഴുവൻ നിറഞ്ഞു. അഗ്നിജ്വലകൾ പോലുള്ള നാവുകൾ തങ്ങളുടെമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു . ആത്മാവ് കൊടുത്ത വരമനുസരിച്ചു വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. 14/85
18. മനുഷ്യൻറെ രക്ഷയാണ് സുവിശേഷ സന്ദേശത്തിൻറെ ലക്ഷ്യം. ഈ രക്ഷയാകട്ടെ ഈശോമിശിഹായിലൂടെയാണ് നമുക്ക് ലഭിക്കുന്നത്. ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല. ഈശോ കർത്താവാണെന്നു വ്യക്തമായി പ്രഘോഷിക്കണം. ജീവിത മാതൃകയാണ് ശക്തമായ സുവിശേഷ പ്രഘോഷണം 13/82
19. ഈശോ പ്രത്യക്ഷപ്പെട്ട സമയത്തു തോമാശ്ലീഹ മറ്റു ശിഷ്യന്മാരുടെ കൂടെയില്ലായിരുന്നു. മറ്റു ശിഷ്യന്മാർ അവനോടു പറഞ്ഞു. ഞങ്ങൾ കർത്താവിനെ കണ്ടു. എന്നാൽ തോമാശ്ലീഹ പറഞ്ഞു. അവൻറെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എൻറെ വിരൽ ഇടുകയും അവൻറെ പാർശ്വത്തിൽ എൻറെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല. വീണ്ടും ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ തോമാശ്ലീഹായും ഉണ്ടായിരുന്നു. ഈശോ വന്നു അവരുടെ മദ്ധ്യേ നിന്ന് പറഞ്ഞു നിങ്ങൾക്ക് സമാധാനം. ഈശോ തോമസിനോട് പറഞ്ഞു നിൻറെ വിരൽ ഇവിടെ കൊണ്ട് വരിക, എൻറെ കൈകൾ കാണുക, നിൻറെ കൈ നീട്ടി എൻറെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയാകുക. ഈശോയുടെ ഈ വചനങ്ങൾ കേട്ട് തോമാശ്ലീഹാ പറഞ്ഞു എൻറെ കർത്താവേ, എൻറെ ദൈവമേ. കർത്താവും ദൈവവുമായി ഈശോയെ ഏറ്റുപറയുകയായിരുന്നു തോമാശ്ലീഹ. ഇതാണ് വിശ്വാസത്തിൻറെ ഏറ്റവും വലിയ പ്രഖ്യാപനം 12/75

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**26 - 02 - 2017** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - VI

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x5=5**

1. എമ്മാവൂസിലേക്ക് നിരാശാഭരിതരായി നടന്നുപോയ ശിഷ്യർക്ക് ഈശോ ആദ്യം പങ്കുവച്ചു നൽകിയത്?
2. പുതിയ നിയമത്തിലെ അവസാനത്തെ ഗ്രന്ഥം?
3. ഇസ്രായേലിൽപോലും ഇതുപോലെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ലായെന്ന് യേശു ആരെക്കുറിച്ചാണ് പറഞ്ഞത്?
4. സമസ്തവും ക്രിസ്തുവിൽ നവീകരിക്കുക ആരുടെ പുണ്യവചനം?
5. 2019 ലെ ആഗോളയുവജനദിനത്തിന് വേദിയാകുന്ന രാജ്യം?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**


6. തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തെ അനുസ്മരിക്കുന്ന ദിനം? (ജൂലൈ3, നവംബർ 21, സെപ്റ്റംബർ 14)
7. ''അങ്ങയെ നേരിട്ടു സമീപിക്കാൻപോലും എനിക്കു യോഗ്യതയില്ല എന്നു ഞാൻ വിചാരിച്ചു. അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി എന്റെ ഭൃത്യൻ സുഖപ്പെട്ടുകൊള്ളും.'' ബൈബിൾ ഭാഗം എഴുതുക.
   (ലൂക്കാ 7:7, ലൂക്കാ 15:7, ലൂക്കാ 7:17)
8. കാണാതായ ആടിന്റെ ഉപമ വിവരിച്ചിരിക്കുന്ന ബൈബിൾ ഭാഗം ?
   (ലൂക്കാ 7.1-10, മത്തായി 13.1-9, ലൂക്കാ 15:1-7)
9. ''ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നശിച്ചാൽ നിനക്കെന്തു പ്രയോജനം'' എന്ന് പലപ്പോഴായി പറഞ്ഞുകൊണ്ടിരുന്നത് ആര്?
   (ഫ്രാൻസീസ് സേവ്യർ, പീറ്റർ ഫാബർ, ഇഗ്നേഷ്യസ് ലയോള)
10. ചങ്ങനാശ്ശേരി അതിരൂപതയുടെ നിയുക്ത സഹായ മെത്രാൻ?
    (മാർ തോമസ് തറയിൽ, മാർ ആന്റണി വില്യം, മാർ ആൽവിൻ ഡിസൂസ)

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. യോഹ. 20:25 '' അവന്റെ......
12. അപ്പ.പ്രവർത്തനങ്ങൾ 2.42 '' അവർ...

**ഉത്തരമെഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. വിശുദ്ധ കുർബ്ബാനയിലുള്ള ഈശോയുടെ സാന്നിധ്യം എപ്രകാരമാണെന്നു വിശദീകരിക്കുക.
14. ഏലിയാ സ്ലീവാ മൂശക്കാലങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നത് എന്തെല്ലാം? ഈ കാലത്തിൽ നമ്മുടെ ചിന്ത യ്ക്ക് വിഷയമാകേണ്ട യാഥാർത്ഥ്യങ്ങൾ എഴുതി ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.



15. തെറ്റോ ശരിയോ എന്നെഴുതി തെറ്റുണ്ടെങ്കിൽ തിരുത്തുക

a. ഉത്ഥാനാനന്തരം ഈശോ നാല്പതുദിവസം ശിഷ്യരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ട് സ്വർഗ്ഗാരോഹണത്തെക്കുറിച്ച് അവരെ പഠിപ്പിച്ചുകൊണ്ടിരുന്നു.

b. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിലാണ് ശ്ലീഹാക്കാലം ആരംഭിക്കുന്നത്.

c. ഈശോ നിർദ്ദേശിച്ചതനുസരിച്ച് ഉന്നതത്തിൽ നിന്നുള്ള ശക്തി ലഭിക്കുന്നതുവരെ ശിഷ്യന്മാർ ജറുസലേമിൽ വസിച്ചു.

d. ഉത്ഥാനശേഷം ഈശോ അപ്പസ്തോലനായി തിരഞ്ഞെടുത്ത മത്തിയാസ് ആദിമസഭയിലെ ഏറ്റവും വലിയ പ്രേഷിതനായിരുന്നു.

e. പരിശുദ്ധാത്മാവിന്റെ സുവിശേഷമെന്ന് വി.യോഹന്നാന്റെ സുവിശേഷം അറിയപ്പെടുന്നു.

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½x1= 2½**

16. മൻട്രീസ എന്ന സ്ഥലത്തെ ജീവിതം ഇഗ്നേഷ്യസ് ലയോളയെ പുതിയൊരു മനുഷ്യനാക്കി മാറ്റി. വിശദീകരിക്കുക.

17. ചിത്രം ശ്രദ്ധിക്കൂ. ആരാണീ വിശുദ്ധൻ? താഴെ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് വിശുദ്ധന്റെ ജീവചരിത്രം പൂർത്തിയാക്കുക.

a. ജനനം

..................................

b. 1884 നവംബർ 15

..................................



c. വിശുദ്ധനായി പ്രഖ്യാപനം

..................................

d. സന്ദേശം

..................................

**നമസ്കാരങ്ങൾ** **2½x2=5**

18. ദൈവകല്പനകൾ 10 എഴുതുക.

19. പരിശുദ്ധ ജപമാലയിലെ പ്രകാശത്തിന്റെ 4 ഉം 5 ഉം ദിവ്യരഹസ്യങ്ങൾ എഴുതുക.

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. മരണത്തെ പരാജയപ്പെടുത്തി മഹത്ത്വപൂർണ്ണനായി ഉയിർത്തെഴുന്നേറ്റ ദൈവപുത്രനാണ് ഈശോ. ഈശോയുടെ ഉയിർപ്പും പ്രത്യക്ഷപ്പെടലും 'മരണത്തെ ജയിച്ച ഈശോ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക

21. തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**പൊതുചോദ്യം – ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക.** **5**

22. ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നുവന്ന ഈശോയെപ്പോലെ വളർന്നുവരാൻ നിങ്ങൾ പരിശീലിക്കേണ്ട കാര്യങ്ങൾ ഏവയെന്നു ഉപന്യസിക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**26 - 02 - 2017** | **മാർക്ക് – 50**

**10.30 am - 12.30 pm** | **ഉത്തരസൂചിക** | **സമയം – 2 മണിക്കൂർ**

## STD - VI

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x5=5**

1. ദൈവവചനം - 11/70
2. വെളിപാട് - 15/93
3. ശതാധിപനെക്കുറിച്ച് - ലൂക്കാ 7:9
4. വിശുദ്ധ 10-ാം പീയൂസിന്റെ - വിശുദ്ധരെ അറിയാൻ - പേജ് 40
5. പനാമ - സത്യദീപം, 8-14 ഡിസംബർ/2016

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**

6. നവംബർ 21 - 14/86
7. ലൂക്കാ 7:7
8. ലൂക്കാ 15: 1-7
9. ഇഗ്നേഷ്യസ് ലയോള - വിശുദ്ധരെ അറിയാൻ - പേജ് 27
10. മാർ തോമസ് തറയിൽ - സത്യദീപം 19-25 ജനുവരി 2017

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 12/75 - ''അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല''. (യോഹ 20.25)
12. 14/89 - ''അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു.'' (അപ്പ.2:42)

**ഉത്തരമെഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. 11/71
14. 15/92 - ലോകാവസാനം, മരണം, വിധി
15. 13/79-82
    a. തെറ്റ് - ദൈവരാജ്യത്തെക്കുറിച്ച്
    b. തെറ്റ് - പന്തക്കുസ്ത്താതിരുനാളിൽ
    c. ശരി
    d. തെറ്റ് - വി.പൗലോസ് ശ്ലീഹാ
    e. തെറ്റ് - അപ്പസ്തോലപ്രവർത്തനങ്ങൾ

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½ x1= 2½**

16. വിശുദ്ധരെ അറിയാൻ - പേജ് 25
17. വിശുദ്ധരെ അറിയാൻ - പേജ് 40, വി. പത്താംപീയൂസ്
    a. ജനനം : 1835 ജൂൺ 2
    b. 1884 നവംബർ 15: മെത്രാൻപട്ടം
    c. വിശുദ്ധനായി പ്രഖ്യാപനം : 1954 മെയ് 29
    d. സന്ദേശം : വേദോപദേശം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുകയാണ് സഭയ്ക്കുവേണ്ടി നമുക്കു ചെയ്യാൻ കഴിയുന്ന വലിയ സേവനം.

**നമസ്കാരങ്ങൾ** **2½x2=5**

18. നമസ്കാരങ്ങൾ - പേജ് 9
19. നമസ്കാരങ്ങൾ - പേജ് 20

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 10/63-66
21. 12/75

**22. പൊതുചോദ്യം (ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

**23. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 25 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്‌ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**28 - 02 - 2016** — **മാർക്ക് – 50**

**10.30 am - 12.30 pm** — **സമയം – 2 മണിക്കൂർ**

## STD - VI

*നിർദ്ദേശങ്ങൾ: ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x5=5**

1. ഉത്ഥാനം ചെയ്ത ഈശോയെ ഹെബ്രായ ഭാഷയിൽ മറിയം വിളിച്ചതെങ്ങനെ ?
2. യൂദാസ് സ്കറിയോത്ത നഷ്ടമാക്കിക്കളഞ്ഞ ശിഷ്യസ്ഥാനത്തേക്ക് പുതിയ ഒരാളെ തെരഞ്ഞെടുക്കുവാൻ പത്രോസ് ശ്ലീഹാ പറഞ്ഞ മാനദണ്ഡം ?
3. നിങ്ങളിൽനിന്ന് എടുത്തു ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകപ്പെടും എന്ന് യേശു പറഞ്ഞത് എന്തിനെക്കുറിച്ചാണ് ?
4. ബുദ്ധിപരമായ കാര്യങ്ങളും, ദൈവമഹത്വത്തിനായി ഉപയോഗിക്കാമെന്നു തെളിയിച്ച ബുദ്ധിമാനായ വിശുദ്ധൻ?
5. 1964-ൽ മുംബൈയിൽ നടന്ന അന്തർദേശീയ ദിവ്യകാരുണ്യകോൺഗ്രസിൽ പങ്കെടുത്ത മാർപ്പാപ്പ ?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**

6. രൂപാന്തരീകരണവേളയിൽ മഹത്ത്വീകൃതനായി കാണപ്പെട്ട ഈശോയോടൊപ്പം പ്രത്യക്ഷപ്പെട്ട രണ്ടു പ്രവാചകന്മാർ ?
   (ഏലിയായും, ഏലീഷായും, ഏലിയായും മോശയും, ഏലിയായും ഏശയ്യായും)
7. മത്തായിയുടെ സുവിശേഷത്തിൽ അവസാനവിധിയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന അധ്യായം ഏത് ?
   (മത്തായി 23, മത്തായി 24, മത്തായി 25)
8. ''തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.'' വചനഭാഗം?
   (മത്തായി 23:12, മത്തായി 22:12, മത്തായി 24:12)
9. പത്താംപീയൂസ് പാപ്പായെ വിശുദ്ധനായി പ്രഖ്യാപിച്ചത്?
   (1914 ആഗസ്റ്റ് 20, 1951 ജൂൺ 3, 1954 മെയ് 29)
10. 'പുത്തൻപാന'യുടെ രചയിതാവ് ?
   (തോമ്മാശ്ലീഹാ, അർണ്ണോസ് പാതിരി, ഫാ. വില്യം വെബ്ബർ)

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. അപ്പ. 4:12. ''ആകാശത്തിനു......
12. മത്തായി 25:40. ''എന്റെ......

**ഉത്തരമെഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. ഉയിർപ്പുകാലത്തിൽ നാം ധ്യാനവിഷയമാക്കുന്ന രക്ഷാകരരഹസ്യങ്ങൾ എഴുതി ഉയിർപ്പുകാലത്തെ സവിശേഷതകൾ വ്യക്തമാക്കുക.



14. എന്താണ് വിശ്വാസം? ഉത്ഥിതനായ ഈശോ തോമ്മാശ്ലീഹായിലൂടെ നൽകുന്ന വിശ്വാസത്തിന്റെ അടിസ്ഥാനവും പ്രകടനവും എന്തെന്ന് വിശദമാക്കുക.

15. തെറ്റോ ശരിയോ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക
   a. ഈശോ നിർദ്ദേശിച്ചതുപോലെ പതിനൊന്നു ശിഷ്യന്മാരും ജറുസലേമിലെ മലയിലേക്കു പോയി.
   b. ആരാധനാവത്സരത്തിലെ അഞ്ചാമത്തെ കാലമാണ് ശ്ലീഹാക്കാലം.
   c. സഭയിൽ വസിക്കാനും സഭയെ നയിക്കാനുമായി പരിശുദ്ധാത്മാവിനെ അയച്ചതിന്റെ അനുസ്മരണം പന്തക്കുസ്തായിലുണ്ട്.
   d. പുതിയ നിയമഗ്രന്ഥത്തിലെ അവസാനത്തെ പുസ്തകമാണ് അപ്പസ്തോലപ്രവർത്തനങ്ങൾ.
   e. മനുഷ്യന്റെ പാപമോചനമാണ് സുവിശേഷ സന്ദേശത്തിന്റെ ലക്ഷ്യം.

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½x1= 2½**

16. ചിത്രം ശ്രദ്ധിക്കൂ. ആരാണീ വിശുദ്ധൻ? വിശുദ്ധന്റെ തിരുനാൾ എന്ന്? ഒരു വൈദികനാകാൻ കൊതിച്ച ദരിദ്രബാലൻ തിരുസഭയുടെ ശുശ്രൂഷാതലങ്ങളിലൂടെ മുന്നേറിയ നാൾവഴികൾ എഴുതുക.



   a. .............................. ന് ജോസഫ് സാർത്തൊ വൈദികപട്ടം സ്വീകരിച്ചു.
   b. ..............................ന് മോൺ. സാർത്തൊ മെത്രാൻ പദവിയിലേക്കുയർത്തപ്പെട്ടു.
   c. 1893 ജൂൺ 12ന് ബിഷപ്പ് സാർത്തൊ ............................................... ഉയർത്തപ്പെട്ടു.
   d. തിരുസഭയുടെ 259-ാമത്തെ മാർപ്പാപ്പയായി .................... തിയതി സ്ഥാനാരോഹണം ചെയ്തു.

17. ജന്മം കൊണ്ടല്ല, കർമം കൊണ്ടാണ് നമ്മൾ വിശുദ്ധിയിൽ എത്തിച്ചേരുന്നത്. ഇഗ്നേഷ്യസ് ലയോളയെ വിശുദ്ധിയിലേക്കു നയിച്ച കർമമേഖലകളെക്കുറിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
   a. ഇഗ്നേഷ്യസ് ലയോള മൻട്രിസ് ഗുഹയിൽ വച്ച് തനിക്കു ലഭിച്ച ആത്മീയ അനുഭൂതികൾ എഴുതിവച്ച പുസ്തകം ഏതു പേരിൽ അറിയപ്പെടുന്നു ?
   b. ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച സഭ ?
   c. ഇഗ്നേഷ്യസ് ലയോള തിരുപ്പട്ടം സ്വീകരിച്ച് വൈദികനായത് എന്ന് ?
   d. ഇഗ്നേഷ്യസ് ലയോളയുടെ അധരങ്ങളിൽ എപ്പോഴും തങ്ങി നിന്നിരുന്ന ഒരു പ്രാർത്ഥന ?
   e . വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ സന്ദേശം എന്ത്?

**നമസ്കാരങ്ങൾ** **2½x2=5**

18. നല്ല കുമ്പസാരത്തിനു വേണ്ട കാര്യങ്ങൾ എഴുതുക.
19. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാലയിലെ പ്രകാശത്തിന്റെ 1 ഉം 2 ഉം ദിവ്യരഹസ്യങ്ങൾ എഴുതുക.

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. വിശുദ്ധ കുർബാനയിലുള്ള ഈശോയുടെ സാന്നിധ്യവും ദൈവവചനശുശ്രൂഷയും വിവരിക്കുക
21. ഈശോയുടെ സുവിശേഷവുമായി ഭാരതത്തിലേക്കു വന്ന തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളും സഭാസമൂഹസ്ഥാപനവും വിവരിക്കുക.

**പൊതുചോദ്യം - ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക.** **5**

22. ദിവ്യബലിയർപ്പണം നമ്മുടെ വിശ്വാസത്തിന്റെ സാരാംശവും സംഗ്രഹവുമാണ്. അതു നിങ്ങളുടെ ജീവിതത്തിൽ ഒരു അനുഭവമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവയെന്നു വിവരിക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

28 - 02 - 2016 | മാർക്ക് – 50
10.30 am - 12.30 pm | സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

## STD - VI

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x5=5**

1. റബ്ബോനി - 10/65
2. മിശിഹാനുഭവം - 12/76
3. ദൈവരാജ്യം - മത്തായി 21:43
4. വിശുദ്ധ ഇഗ്നേഷ്യസ് ലയോള - വിശുദ്ധരെ അറിയാൻ - പേജ് 30
5. പോൾ 6-ാമൻ മാർപ്പാപ്പ - സത്യദീപം, നവംബർ 12-18/2015

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**

6. ഏലിയായും മോശയും - 15/92
7. മത്തായി 25
8. മത്തായി 23:12
9. 1954 മെയ് 29 - വിശുദ്ധരെ അറിയാൻ - പേജ് 40
10. അർണ്ണോസ് പാതിരി - സത്യദീപം, നവംബർ 19-25/2015

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 13/82 - ''ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല. (അപ്പ. 4:12)
12. 15/94 - ''എന്റെ ഏറ്റവും ചെറിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്.'' (മത്താ.25:40)

**ഉത്തരമെഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. 10/66
14. 12/75
15. 13/80-82
    a. തെറ്റ് - ഗലീലിയിലെ. 13/80
    b. തെറ്റ് - ആറാമത്തെ. 13/81
    c. ശരി - 13/81
    d. തെറ്റ് - അഞ്ചാമത്തെ പുസ്തകം. 13/82
    e. തെറ്റ് - നിത്യരക്ഷയാണ്. 13/82

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½ x1= 2½**

16. വിശുദ്ധരെ അറിയാൻ - പേജ് 34-40 : വി. പത്താംപീയൂസ്, ആഗസ്റ്റ് 21
    a. 1858 സെപ്തംബർ 18ന്
    b. 1884 നവംബർ 15ന്
    c. കർദ്ദിനാൾ
    d. 1903 ഓഗസ്റ്റ് 4-ാം തിയതി
17. വിശുദ്ധരെ അറിയാൻ - പേജ് 23-31
    a. ആദ്ധ്യാത്മിക അഭ്യാസങ്ങൾ
    b. ഈശോസഭ

c. 1537 ജൂൺ 24ന്

d. മിശിഹായുടെ ദിവ്യാത്മാവേ, എന്നെ ശുദ്ധീകരിക്കണമേ.

e. നാം ചെയ്യുന്നതെന്തും ദൈവത്തിന്റെ ഉപരിമഹത്വത്തിനായി ചെയ്യുക.

**നമസ്കാരങ്ങൾ** **2½x2=5**

18. നമസ്കാരങ്ങൾ - പേജ് 11

19. നമസ്കാരങ്ങൾ - പേജ് 19

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 11/71

21. 14/86, 87

22. **പൊതുചോദ്യം (ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**22 - 02 - 2015** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - VI

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **5**

1. ശ്ലീഹാക്കാലം ആരംഭിക്കുന്നതെന്ന്?
2. തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തെ അനുസ്മരിക്കുന്നതെന്ന്?
3. തന്റെ പുത്രനുവേണ്ടി വിവാഹവിരുന്നൊരുക്കിയ രാജാവിനു സദൃശ്യം എന്ത്?
4. 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ എന്ത് വർഷമായിട്ടാണ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്നത്?
5. വി. പത്താംപീയൂസിന്റെ തിരുനാൾ ദിനം?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **5**


6. തോമ്മാശ്ലീഹാ സ്ഥാപിച്ചു എന്നു പറയപ്പെടുന്നതും അരപ്പള്ളി എന്നറിയപ്പെടുന്നതുമായ ഒരു പള്ളി
(മലയാറ്റൂർ, കൊടുങ്ങല്ലൂർ, തിരുവിതാംകോട്)
7. 'എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും' എന്നു എഴുതപ്പെട്ടിരിക്കുന്നു. ഏതു സംഭവവുമായി ബന്ധപ്പെടുത്തിയാണ് ഈശോ ഇതു പറഞ്ഞത്?
(ജറുസലേമിലേക്കുള്ള രാജകീയ പ്രവേശം, ദേവാലയ ശുദ്ധീകരണം, ദേവാലയത്തിന്റെ നാശം)
8. മനുഷ്യപുത്രന്റെ ആഗമനദിവസത്തെക്കുറിച്ചും മണിക്കൂറിനെക്കുറിച്ചും അറിയാവുന്നതാർക്ക്?
(സ്വർഗത്തിലെ ദൂതന്മാർക്ക്, പിതാവിന്, ദൈവപുത്രന്)
9. 'ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ നിനക്കെന്തു പ്രയോജനം? ആര്, ആരോടു പറഞ്ഞു?
(ഫ്രാൻസീസ് സേവ്യറോട് ഇഗ്നേഷ്യസ്, ഇഗ്നേഷ്യസിനോട് ഫ്രാൻസീസ് സേവ്യർ, ഫ്രാൻസീസ് സേവ്യർ പീറ്റർ ഫാബറിനോട്)
10. യഹൂദസമൂഹത്തിലെ പുരോഗമനവാദികളും യുക്തിവാദികളുമായിരുന്നവരാണ്?
(സദുക്കായർ, ഫരിസേയർ, നിയമജ്ഞർ)

**ദൈവവചനം എഴുതുക** **2½**

11. അപ്പ. 2:42. ''അവർ.....
12. യോഹ.2:19. ''നിങ്ങൾ......

**ഉത്തരമെഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. എമ്മാവൂസ് അനുഭവം എന്ന പാഠത്തിൽ എമ്മാവൂസിലേക്കുപോയ ശിഷ്യരുടെ ചർച്ചാവിഷയവും ഈശോയോടുള്ള അഭ്യർത്ഥനയും ഫ്ളോചാർട്ടിലൂടെ അവതരിപ്പിക്കുക. (ലൂക്കാ 24:13-32)



14. പുതിയ നിയമഗ്രന്ഥത്തിലെ ലേഖനങ്ങൾ എത്ര? ഏതെല്ലാം പേരിൽ അവ അറിയപ്പെടുന്നു. വിശദമാക്കുക.
15. മരണത്തെ ജയിച്ച ഈശോ എന്ന പാഠത്തിൽ ഈശോയുടെ ഉത്ഥാനവുമായി ബന്ധപ്പെട്ട് പ്രതിപാദിച്ചിരിക്കുന്നവ തെരഞ്ഞെടുത്ത് എഴുതുക.

- ശൂന്യമായ കല്ലറ
- പരിധിയില്ലാത്ത ക്ഷമ
- ലൂക്കാ 8:31
- യോനായുടെ അടയാളം
- പുതിയ പ്രബോധനം
- പ്രത്യക്ഷപ്പെടൽ
- പുതുഞായർ
- ലൂക്കാ 9:22
- മിശിഹാനുഭവം

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½**

16. ചിത്രം ശ്രദ്ധിക്കു. ആരാണീ വിശുദ്ധൻ? ഈശോസഭാ സ്ഥാപനത്തിലേക്കുള്ള നാൾവഴികൾ എഴുതുക

a. ജനനം.....
b. ചെറുപ്പത്തിൽ തന്നെ നേടിയെടുത്ത കഴിവുകൾ....
c. യുദ്ധത്തിൽ വെടിയേറ്റ് ആശുപത്രിയിൽ കഴിയുമ്പോൾ കയ്യിലെത്തിയ പുസ്തകങ്ങൾ....



d. ആ പട്ടാളക്കാരന്റെ ഉള്ളിന്റെ ഉള്ളിൽ മുഴങ്ങിയ ചോദ്യം.....
e. ..... ൽ ഈശോസഭയ്ക്ക് ഔദ്യോഗികമായ അംഗീകാരം നൽകി.

17. വി. പത്താംപീയുസിന്റെ ജീവിതലക്ഷ്യവും അതിനു സ്വീകരിച്ച മുദ്രാവാക്യവും, ആ വിശുദ്ധൻ നമുക്കു നൽകുന്ന സന്ദേശവും എഴുതുക

**നമസ്കാരങ്ങൾ**

18. തിരുസഭയുടെ കല്പനകൾ അഞ്ച് എഴുതുക. **2½**
19. പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാലയിലെ പ്രകാശത്തിന്റെ 3 ഉം 4 ഉം രഹസ്യങ്ങൾ എഴുതുക. **2½**

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5**

20. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന പാഠത്തെ ആസ്പദമാക്കി തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം വിവരിക്കുക.
21. അന്ത്യവിധിയിൽ നന്മ ചെയ്തവർക്ക് നിത്യജീവനും തിന്മചെയ്തവർക്ക് നിത്യശിക്ഷയും പ്രതിഫലമായി ലഭിക്കും. 'മഹത്ത്വീകൃതനായ ഈശോ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**പൊതുചോദ്യം** **5**

22. കള്ളസാക്ഷി പറയരുതെന്ന ദൈവകല്പന സത്യസന്ധതയിൽ വളരാൻ നമ്മെ കടപ്പെടുത്തുന്നു. കുട്ടികളായ നിങ്ങൾ സത്യസന്ധത എന്ന പുണ്യം അഭ്യസിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട് ഒരു പ്രസംഗം തയ്യാറാക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം ((3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

22 - 02 - 2015 — മാർക്ക് – 50

10.30 am - 12.30 pm — **STD - VI** — സമയം – 2 മണിക്കൂർ

ഉത്തരസൂചിക

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** 5

1. പന്തക്കുസ്താത്തിരുനാളിൽ : 13/81
2. നവംബർ 21 : 14/86
3. സ്വർഗരാജ്യം : മത്തായി 22/2
4. സമർപ്പിതവർഷം : സത്യദീപം. ജനു. 1-7, 2015
5. ആഗസ്റ്റ് 21 : വിശുദ്ധരെ അറിയാൻ... പേജ് 40

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 5

6. തിരുവിതാംകോട് – 14/87
7. ദേവാലയ ശുദ്ധീകരണം – മത്തായി 21/13
8. പിതാവിന് – മത്തായി 24/36
9. ഫ്രാൻസിസ് സേവ്യറോട് ഇഗ്നേഷ്യസ് – വിശുദ്ധരെ അറിയാൻ... പേജ് 27
10. സദുക്കായർ – സത്യദീപം – ജനുവരി 8-14/2015

**ദൈവവചനം എഴുതുക** 2½

11. 14/89 – അപ്പ. 2:42 ''അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു.''
12. 10/65 – യോഹ. 2:19. ''നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും.''

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** 5

13. 11/69, 70
14. 13/82
15. 10/64-66:- ശൂന്യമായ കല്ലറ, യോനായുടെ അടയാളം, പ്രത്യക്ഷപ്പെടൽ, പുതുഞായർ, ലൂക്കാ 9:22.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** 2½

16. വിശുദ്ധരെ അറിയാൻ... പേജ് 23-29
17. വിശുദ്ധരെ അറിയാൻ... പേജ് 38-40

**നമസ്കാരങ്ങൾ**

18. നമസ്കാരങ്ങൾ പേജ് 10 — 2½
19. നമസ്കാരങ്ങൾ പേജ് 20 — 2½

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** 5

20. 12/75
21. 15/91, 92

**പൊതുചോദ്യം** 5

22. പ്രസംഗം തയ്യാറാക്കുക

**23. ഇന്റേണൽ അസ്സെസ്മെന്റ്** 15

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. രണ്ടാം സെമസ്റ്ററിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 28 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് $\frac{28}{35}+\frac{12}{15}=\frac{40}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35 ൽ 28 ഉം മൊത്തത്തിൽ 40 ഉം അതിൽ കൂടുതലും കിട്ടുന്ന കുട്ടികൾക്ക് ഒന്നാം സെമസ്റ്ററിലും നാല്പതിലധികം മാർക്കു ലഭിച്ചു എങ്കിൽ ആ പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്കയച്ചെങ്കിലും നാല്പതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്ത പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല.സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 28 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

# സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**23 - 02 - 2014** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - VI

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. മാർ തോമ്മാശ്ലീഹായെക്കുറിച്ച് വളരെയധികം വിവരങ്ങൾ നൽകുന്ന ഒരു അപ്രമാണിക ഗ്രന്ഥം?
2. 'വിളക്കുമെടുത്ത് മണവാളനെ എതിരേൽക്കാൻ പുറപ്പെട്ട പത്തു കന്യകമാർക്ക് സദൃശം' എന്ന് മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ വിവക്ഷിക്കുന്നതെന്ത്?
3. ചെറുപ്രായത്തിൽത്തന്നെ കുട്ടികൾക്ക് ദിവ്യകാരുണ്യസ്വീകരണം നൽകാൻ അനുവദിച്ച മാർപ്പാപ്പ.
4. ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി?

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**


5. മരിക്കേണ്ടിവന്നാലും ഗുരുവിനെ വിട്ടുപിരിയരുത് എന്നാഗ്രഹിച്ച ശിഷ്യൻ.
   (യോഹന്നാൻ ശ്ലീഹാ, തോമ്മാശ്ലീഹാ, പത്രോസ് ശ്ലീഹാ)
6. ഏതു സംഭവത്തോടനുബന്ധിച്ചാണ് 'വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും' എന്ന് ഈശോ പറഞ്ഞത്?
   (അത്തിവൃക്ഷത്തെ ശപിക്കുന്നത്, ദേവാലയ ശുദ്ധീകരണം, ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനം)
7. വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ ദിനം.
   (ജൂൺ 8, ജൂലൈ 31, ആഗസ്റ്റ് 21)
8. മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ച മാർപ്പാപ്പ.
   (പയസ് പത്താമൻ പാപ്പ, പയസ് ഒമ്പതാമൻ പാപ്പ, പയസ് പന്ത്രണ്ടാമൻ പാപ്പ)

**III ചേരുംപടി ചേർത്തെഴുതുക** **2**

| | | |
|---|---|---|
| 9. റബ്ബോനി | – | ദാനിയേൽ |
| 10. വി. യോഹന്നാൻ ശ്ലീഹ | – | ഏക നേതാവ് |
| 11. മനുഷ്യപുത്രന്റെ ആഗമനം | – | വെളിപാട് |
| 12. ക്രിസ്തു | – | മിന്നൽപ്പിണർ |
| | – | ഗുരു |

**IV ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. മാർ തോമ്മാശ്ലീഹ സ്ഥാപിച്ച 7 പള്ളികളുടെ സ്ഥലങ്ങൾ എഴുതി ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.




14. ഉയിർപ്പുകാലത്തിൽ നാം ധ്യാനവിഷയമാക്കുന്ന രക്ഷാകര രഹസ്യങ്ങൾ ഏതെല്ലാം? എന്നുമുതൽ എന്നു വരെയാണ് ഉയിർപ്പുകാലം?

15. അന്ത്യവിധിയിലെ പ്രസ്താവനയിൽ വലതു വശത്തു നിന്നവർ ചെയ്തതായി പറയുന്ന നന്മ പ്രവർത്തികൾ പട്ടികപ്പെടുത്തുക.

| | |
|---|---|
| എനിക്കു വിശന്നു | നിങ്ങൾ ഭക്ഷിക്കാൻ തന്നു |
| എനിക്കു ................................... | ................................................ |
| ഞാൻ .................................. | ................................................ |
| ഞാൻ .................................. | ................................................ |
| ഞാൻ .................................. | ................................................ |
| ഞാൻ .................................. | ................................................ |

16. ആരാണ് ശിഷ്യൻ? താൻ ആരാണെന്ന് അനുഭവിച്ചറിയാൻ ഈശോ ശിഷ്യർക്ക് അവസരം നൽകിയതെങ്ങനെ?

**V ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

17. ആശുപത്രിവാസത്തിൽ വായന ഇഗ്നേഷ്യസിന്റെ ജീവിതത്തിലെ വഴിത്തിരിവായതെങ്ങനെ?

18. ചിത്രം ശ്രദ്ധിക്കൂ. ആരാണീ വിശുദ്ധൻ? താഴെ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് വിശുദ്ധന്റെ ജീവചരിത്രം പൂർത്തിയാക്കുക.

1. ജനനം.................

3. ..............എന്നിവയിൽ ജോസഫ് സാർത്തോ സെമിനാരിയിൽ എല്ലാവർക്കും മാതൃകയായി.



2. 1903 ഓഗസ്റ്റ് 4 .......................

4. .........വിശുദ്ധനായി പ്രഖ്യാപിച്ചു

5. പുണ്യവചനം.......................

**VI നമസ്കാരങ്ങൾ**

19. നല്ല കുമ്പസാരത്തിനു വേണ്ട കാര്യങ്ങൾ എഴുതുക. **2½**

20. പരിശുദ്ധ ദൈവമാതാവിന്റെ ജപമാലയിലെ പ്രകാശത്തിന്റെ 1-ഉം 2-ഉം രഹസ്യങ്ങൾ എഴുതുക. **2½**

**VII ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. വി. കുർബ്ബാനയിലുള്ള ഈശോയുടെ സാന്നിദ്ധ്യവും വി. കുർബ്ബാനയിലെ ദൈവവചനശുശ്രൂഷയും 'എമ്മാവൂസ് അനുഭവം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

22. സ്വർഗ്ഗാരോഹണത്തിനുമുമ്പായി ഈശോ ശിഷ്യരെ ഏല്പിച്ച പ്രേഷിത ദൗത്യ നിർവ്വഹണം ലോകാതിർത്തി വരേയും വ്യാപിപ്പിക്കുകയും ഇന്ന് നമ്മിലൂടെ തുടരുകയും ചെയ്യുന്നത് എങ്ങനെയെന്ന് ''സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും'' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**VIII പൊതുചോദ്യം (രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

23.



'നിങ്ങൾ കരുണയാഗ്രഹിക്കുന്നെങ്കിൽ ആദ്യം അവശരോട് കരുണ കാണിക്കുക'.

യേശുവിൽ വിശ്വസിക്കുന്നവരെന്ന നിലയിൽ ആ വിശ്വാസം പ്രാവർത്തികമാക്കാൻ നാം എന്തൊക്കെ ചെയ്യണം? വിശ്വാസം പൂർണ്ണമാകുന്നത് പ്രവൃത്തിയിലൂടെ അത് തെളിയിക്കപ്പെടുമ്പോഴാണ്. നമുക്കുചുറ്റും ചെയ്യാൻ സാധിക്കുന്ന നന്മ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് കണ്ടെത്തി അത് വിശദീകരിക്കുക.

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

23 - 02 - 2014 — മാർക്ക് – 50

10.30 am - 12.30 pm — **STD - VI** — സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക — 4**

1. തോമ്മായുടെ നടപടികൾ — 14/87
2. സ്വർഗ്ഗരാജ്യം — മത്തായി 25/1
3. വി. പത്താം പിയൂസ് പാപ്പാ — വിശുദ്ധരെ അറിയാൻ പേജ് 38
4. ആർച്ച് ബിഷപ്പ് സാൽവത്തോരെ പെനാക്കിയോ — സത്യദീപം 2013 ഡിസം.4

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക — 4**

5. തോമ്മാശ്ലീഹാ — 12/75
6. അത്തിവൃക്ഷത്തെ ശപിക്കുന്നത് — മത്തായി 21/22
7. ജൂലൈ 31 — വിശുദ്ധരെ അറിയാൻ പേജ് 31
8. പയസ് ഒമ്പതാമൻ പാപ്പ — സത്യദീപം 2013 ഡിസം. 18

**III ചേരുംപടി ചേർത്തെഴുതുക — 2**

9. റബ്ബോനി – ഗുരു (10/65)
10. വി. യോഹന്നാൻ ശ്ലീഹ – വെളിപാട് (15/93)
11. മനുഷ്യപുത്രന്റെ ആഗമനം – മിന്നൽപ്പിണർ (മത്തായി 24/27)
12. ക്രിസ്തു – ഏക നേതാവ് (മത്തായി 23/10)

**IV ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം) — 7½**

13. 14/87
    1. നിരണം, 2. കൊല്ലം, 3. നിലയ്ക്കൽ, 4. കോക്കമംഗലം,
    5. കോട്ടക്കാവ്, 6. കൊടുങ്ങല്ലൂർ, 7. പാലയൂർ
14. 10/66
15. 15/91
16. 12/76

**V ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം) — 2½**

17. വിശുദ്ധരെ അറിയാൻ പേജ് 24,25
18. വിശുദ്ധരെ അറിയാൻ പേജ് 32–40

**VI നമസ്കാരങ്ങൾ — 5**

19. നമസ്കാരങ്ങൾ പേജ് 11
20. നമസ്കാരങ്ങൾ പേജ് 19

**VII ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം) 5**

21. 11/71–72
22. 13/80–82

**VIII** 23. **പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക) 5**

**24. ഇന്റേണൽ അസ്സെസ്മെന്റ് — 15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. രണ്ടാം സെമസ്റ്ററിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 8-12 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 30ഉം 15-ൽ 8ഉം കിട്ടിയ ഒരു കുട്ടിക്ക് $30+8 = \frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 40-ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടത്. ഈ സെമസ്റ്ററിൽ 40-ൽ കൂടുതൽ മാർക്കുകിട്ടിയെങ്കിലും ഒന്നാം സെമസ്റ്ററിൽ ഇത്രയും മാർക്കു ലഭിക്കുകയും അതിരൂപതയിലേയ്ക്ക് പേപ്പർ അയച്ച് അംഗീകരിക്കുകയും ചെയ്യാത്ത പേപ്പറുകൾ അയയ്ക്കേണ്ടതില്ല. രണ്ടു സെമസ്റ്ററിലും പ്രത്യേകം 40-ഉം അതിലധികവും മാർക്കുലഭിക്കുന്നവരെയാണ് സ്കോളർഷിപ്പു ലഭിച്ചവരായി കണക്കാക്കുക. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.